# Athmaraksha.org

വിശുദ്ധരോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

## വി.അൽഫോൻസാമ്മ ചൊല്ലിയിരുന്ന ജപം




ഓ! ഈശോനാഥാ! അങ്ങേ ദിവ്യഹൃദയത്തിലെ മുറിവിൽ എന്നെ മറക്കണമെ, സ്നേഹിക്കപ്പെടുവാനും വിലമതിക്കപ്പെടുവാനുമുള്ള ആശയിൽ നിന്നും എന്നെ വിമുക്തയാക്കണമേ, കീർത്തിയും ബഹുമാനവും സമ്പാദിക്കണമെന്നുള്ള ദുഷിച്ച ഉദ്യമത്തിൽ നിന്നും എന്നെ രക്ഷിക്കണമേ. ഒരു പരമാണുവും അങ്ങേ ദിവ്യഹൃദയത്തിലെ സ്നേഹാഗ്നിജ്വാലയിലെ ഒരു പൊരിയും ആകുന്നതുവരെ എന്നെ എളിമപ്പെടുത്തണമേ. സൃഷ്ടികളെയും എന്നെത്തന്നെയും മറന്നുകളയുന്നതിനുള്ള അനുഗ്രഹം എനിക്ക് തരണമെ. എന്നു പറഞ്ഞൊപ്പിക്കാൻ വയ്യാത്ത മാധുര്യമായ. എന്റെ കർത്താവേ, ലൗകികാശ്വാസങ്ങൾ എല്ലാം എനിക്ക് കയ്പ്പായി പകർത്തണമേ. നീതി സൂര്യനായ എന്റെ ഈശോയെ! നിന്റെ ദിവ്യകതിരിനാവ് എന്റെ ഹൃദയത്തെ ശുദ്ധീകരിച്ച് ബുദ്ധിയെ പ്രകാശിപ്പിച്ച് നിന്റെ നേരെയുള്ള സ്നേഹത്താൽ എന്നെ എരിയിച്ച് നിന്നോട് ഒന്നിപ്പിക്കണമേ. ആമ്മേൻ.

1 സ്വർഗ, 1 നൻമ, 1 ത്രിത്വ